പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 618 — 08.08. 2017 ൽ മറുപടിക്ക്

## വൈദ്യുതി കുടിശ്ശിക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.രാജേഷ് | ശ്രീ.എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ വൈദ്യുതി കുടിശ്ശികയിനത്തിൽ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖല സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എത്ര തുകയാണ് ലഭിക്കാനുണ്ടായിരുന്നത് എന്ന് വിശദമാക്കുമോ; | (എ) 30.06.2016-ലെ ത്രൈമാസ കണക്കുപ്രകാരം വൈദ്യുത് കുടിശ്ശികയിനത്തിൽ കെ.എസ്.ഇ.ബി.യ്ക്ക് പിരിഞ്ഞു കിട്ടുവാനുള്ള പലിശ ഉൾപ്പെടുത്താതെയുള്ള തുക താഴെ പറയും പ്രകാരമാണ്.<br>1. സർക്കാർ സ്ഥാപനങ്ങൾ — 137.72 കോടി രൂപ<br>2. സർക്കാർ പൊതുമേഖല സ്ഥാപനങ്ങൾ — 1049.38 കോടി രൂപ<br>3. സ്വകാര്യ സ്ഥാപനങ്ങൾ — 594.32 കോടി രൂപ |
| (ബി) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും എത്ര തുക വൈദ്യുതി കുടിശ്ശികയിനത്തിൽ കിട്ടാനുണ്ടെന്ന് വിശദമാക്കുമോ? | (ബി) 31.03.2017-ലെ ക്രോഡീകരിച്ച കുടിശ്ശിക കണക്ക പ്രകാരം മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള (പലിശ ഉൾപ്പെടുത്താതെയുള്ള) തുക ചുവടെ ചേർക്കുന്നു.<br>1. സർക്കാർ സ്ഥാപനങ്ങൾ — 136.34 കോടി<br>2. സർക്കാർ പൊതുമേഖല സ്ഥാപനങ്ങൾ — 1263.27 കോടി<br>3. സ്വകാര്യ സ്ഥാപനങ്ങൾ — 530.19 കോടി |

സെക്ഷൻ ഓഫീസർ